പോലീസ് വകുപ്പ്

കേരളം

**No. E2(b)-71604/2014/EC**

സിറ്റി പോലീസ് ഓഫീസ് കൊച്ചി

cpekm.pol@kerala.gov.in

04842385000

തീയതി. 07-07-2018

**പുനർ ലേല പരസ്യം**

കൊച്ചി സിറ്റി ഫോർട്ട്കൊച്ചി കോസ്റ്റൽ പി എസ്, കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ തഴെ സൂചിപ്പിച്ചിട്ടുള്ള ഡിപ്പാർട്ട്മെൻറ് ബോട്ടുകൾ 2018 ജൂലൈ മാസം 13-)o തീയതി വെള്ളിയാഴ്ച പകൽ 11 മണിക്ക് മേൽ പറഞ്ഞ കാര്യാലയത്തിൽ വച്ച് ദർഘാസ്/പരസ്യലേലം വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം |
|---|---|---|---|---|
| 1. | 1012 HY HONDA | SPEED BOAT | 2009 | 8,250/- |
| 2. | 40 HP 2002 WH | SPEED BOAT | 2009 | 10,000/- |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം നടക്കുന്ന സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി മേൽ പറഞ്ഞ വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതാണ്.

മേൽ പറഞ്ഞ ഉപയോഗശൂന്യമായ ബോട്ടുകളുടെ ലേലത്തിൽ പങ്കുകൊള്ളുന്നതിനായി മുദ്ര വച്ച ദർഘാസുകളും സ്വീകരിച്ചുന്നതാണ്. ദർഘാസുകൾ ലേലത്തലേന്ന് അതായത് 12-)o തീയതി 2 മണിവരെ കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ സ്വീകരിച്ചുന്നതാണ് . ചട്ടപ്രകാരമുള്ള ദർഘാസിനോടൊപ്പം നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനു പുറത്ത് "ഡിപ്പാർട്ട്മെൻറ് ബോട്ടുകളുടെ ലേലത്തിനുള്ള ടെൻഡർ" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ ബോട്ടിനും പ്രത്യേകം കവറുകൾ അയക്കേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽ വച്ച് ദർഘാസുകൾ തുറക്കുന്നതും, ലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആ തുകയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുകയും ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരത ദ്രവ്യം കഴിച്ച് ലേലം കൊണ്ടയാൾ അടച്ച് രസീത് കൈപ്പറ്റുകയും ചെയ്യേണ്ടതാണ്. ബാക്കി തുക നികുതികൾ ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ബോട്ടുകൾ നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി ബോട്ടുകൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

ലേല വസ്തുക്കൾ ലേലത്തിനു മുൻപുള്ള 4 പ്രവൃത്തി ദിവസങ്ങളിൽ ( 09/07/2018 മുതൽ 12/07/2018 വരെ ) രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ എറണാകുളം സായുധസേന ക്യാമ്പിൽ കമാണ്ടൻറിൻറെ മുൻകൂർ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവെയ്ക്കാനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്താനും ലേല നടപടികൾ റദ്ദ് ചെയ്യുന്നതിനും ജില്ല പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കൊച്ചി സിറ്റി പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

E2(b)-71604/2014/EC

aa2fd3

ദിനേശ് എം.പി. ഐ.പി.എസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : 1. എല്ലാ ജില്ല പോലീസ് മേധാവി മാർക്കും , ബറ്റാലിയനിൽ കമാണ്ടൻറ്റ മാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി. 2. ജില്ല പോലീസ് മേധാവിക്കും കൊച്ചി സിറ്റി ജില്ല സായുധ സേന വിഭാഗം കമാണ്ടൻറിനും , മോട്ടോർ ട്രാൻസ്പോർട്ട് അസ്സി.കമാണ്ടൻറിനും അനന്തര നടപടികൾക്കായി. 3. സി എ മുഖാന്തിരം ഡി സി പി ഭരണവിഭാഗത്തിനും , ഡി സി പി ( എൽ & ഒ) യ്ക്കും അറിവിലേക്കായി. 4. സീനിയർ എ എ , മാനേജർ, അക്കൗണ്ട് ഓഫീസർ എന്നിവരുടെ അറിവിലേക്കായി 5. സിറ്റി പോലീസ് ഓഫീസ് ക്യാഷ്യറുടെ അറിവിലേക്കായി 6. നോട്ടീസ് ബോർഡ് , ബി 1 സെക്ഷന് അനന്തരനടപടികൾക്കായി. 7.കൊച്ചി സിറ്റിയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി.